**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3349** **11-03-2025 - ൽ മറുപടിയ്ക്ക്**

**ബഹു.ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവുകൾ നീക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കഴക്കൂട്ടം ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ കഴക്കൂട്ടം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനെതിരെ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച സ്റ്റേ ഉത്തരവ് നീക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) | കഴക്കൂട്ടം ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ കഴക്കൂട്ടം മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കണ്ടെത്തിയ തിരുവനന്തപുരം താലൂക്ക് കഴക്കൂട്ടം വില്ലേജ് ബ്ലോക്ക് 11 റീസർവ്വെ 39/4(പഴയ സർവ്വെ 668, 670) ൽ പ്പെട്ട ഭൂമിയുടെ അവകാശത്തർക്കവുമായി ബന്ധപ്പെട്ട് ശ്രീ.അബ്ദുൾ കലാം മുതൽപേർ ബഹു.തിരുവനന്തപുരം സബ് കോടതി മുമ്പാകെ OS-44/2020 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതും, ടി സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ സ്റ്റേ ചെയ്തുകൊണ്ട് ബഹു.കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി ഉത്തരവിനെതിരെ ബഹു.തിരുവനന്തപുരം അഡിഷണൽ ജില്ലാ കോടതി -III മുമ്പാകെ ഫയൽ ചെയ്ത CMA-161/2022, 162/2022 എന്നീ നമ്പർ അപ്പീലുകൾ 08/11/2022ലെ പൊതു ഉത്തരവ് പ്രകാരം ബഹു. കോടതി തള്ളി ഉത്തരവായിട്ടുള്ളതുമാണ്. ടി ഉത്തരവിനെതിരെ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി തിരുവനന്തപുരം ജില്ലാ കളക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവർ കക്ഷികളായി ബഹു.കേരള ഹൈക്കോടതി മുമ്പാകെ OP(C) -956/2023 നമ്പരായി അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതും, ബഹു.തിരുവനന്തപുരം സബ് കോടതി മുമ്പാകെ നിലവിലുള്ള OS-44/2020 കേസിന് മുൻഗണന നൽകി പരിഗണിച്ച് 13/10/2023 മുതൽ 6 മാസത്തിനകം തീർപ്പാക്കണമെന്ന് ബഹു.തിരുവനന്തപുരം സബ് കോടതി ജഡ്ജിന് നിർദ്ദേശം നൽകി 11/10/2023-ൽ ടി കേസ് വിധിയായിട്ടുള്ളതുമാണ്.<br><br>എന്നാൽ OS-44/2020 നമ്പർ കേസിലെ വാദികൾ മനഃപൂർവം ടി കേസിന്റെ വിചാരണ വൈകിപ്പിക്കുന്നതിനായി പലപ്പോഴായി വിവിധതരം ഇടക്കാല ഹർജികൾ ഫയൽ ചെയ്തുവരുന്നതാണ്. |

| | | | |
|---|---|---|---|
| | | | നിലവിൽ ടി നമ്പർ കേസിൽ എല്ലാ നടപടികളും പൂർത്തീകരിച്ച് വാദിഭാഗം തെളിവെടുപ്പിനായി വിചാരണ 14.11.2024-ൽ വച്ചിരുന്നു. എന്നാൽ അന്നേദിവസം ടി ഹർജിക്കാർ ഐ.എ നമ്പർ 40/24 ഫയൽ ചെയ്യുകയും തെളിവ് നൽകുന്നതിനായി ഒരാഴ്ച അധിക സമയം വേണമെന്നും ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ബഹുമാനപ്പെട്ട കോടതി ടി ഇടക്കാല ഹർജി തള്ളി ഉത്തരവായിട്ടുള്ളതാണ്. തുടർന്ന് ടി കേസിൻമേലുള്ള വാദിഭാഗം തെളിവിലേക്കായി 18.11.2024-ൽ വിചാരണ വച്ചിരുന്നു. എന്നാൽ ഹർജിക്കാർ ടി കോടതിയുടെ ഐ.എ. നമ്പർ 34/24, 40/24 നമ്പർ ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒ.പി.(സി)-2579/24 നമ്പരായി കേസ് ഫയൽ ചെയ്യുകയും, ഒ.എസ്. 44/2020 നമ്പർ കേസിന്റെ വിചാരണ കോടതിയിലെ നടപടികൾ ഒരു മാസത്തേക്ക് നിർത്തിവയ്ക്കണമെന്ന നിരോധന ഉത്തരവ് സമ്പാദിച്ചിട്ടുള്ളതുമാണ്. തുടർന്ന് ടി കേസിലെ 11/02/2025 ലെ ഇടക്കാല ഉത്തരവ് പ്രകാരം സ്റ്റേ 4 മാസത്തേക്ക് കൂടി നീട്ടിയിട്ടുള്ളതും ടി കേസിന്റെ അടുത്ത വിചാരണ 10/06/2025 ലേയ്ക്ക് മാറ്റി വച്ചിട്ടുള്ളതുമാണ്. OS-44/2020 നമ്പർ കേസിന്റെ അടുത്ത വിചാരണ 10/03/2025 ലേക്ക് മാറ്റി വച്ചിട്ടുള്ളതാണ്. |
| (ബി) | മുപ്പത്തിയാറ് വർഷങ്ങൾക്ക് മുമ്പ് തിരുവനന്തപുരം സി.ഇ.ടി-യിൽ നിന്നും പോസ്റ്റ്സ് ആൻഡ് ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പിന് പോസ്റ്റ് ഓഫീസ് നിർമ്മാണത്തിനായി നൽകിയ ഇരുപത് സെന്റ് വസ്തു നാളിതുവരെ ഉപയോഗിക്കാത്തതിനാൽ, നിയമാനുസൃത നടപടികൾ പൂർത്തിയാക്കി ശ്രീകാര്യം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി പോലീസ് വകുപ്പിന് നൽകിയ നടപടിക്കെതിരെ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച സ്റ്റേ ഉത്തരവ് നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര വില്ലേജിൽ ബ്ലോക്ക് 18-ൽ റീസർവേ നമ്പർ 3250/2-ൽപ്പെട്ട 20 സെന്റ് (8.097 ആർ) ഭാരത സർക്കാരിന്റെ പോസ്റ്റൽ വകുപ്പിന് പോസ്റ്റ് ഓഫീസ് നിർമ്മാണത്തിനായി 1988-ൽ അനുവദിച്ചിരുന്നുവെങ്കിലും ഭൂമി പതിച്ചു നൽകി 34 വർഷത്തിനു ശേഷവും പോസ്റ്റൽ വകുപ്പ് ഉപയോഗിക്കാതെ, പട്ടയ വ്യവസ്ഥ ലംഘിച്ചതിനാൽ പട്ടയം റദ്ദ് ചെയ്തു ഉത്തരവായിരുന്നു. ടി നടപടിക്കെതിരെ പോസ്റ്റൽ വകുപ്പ് ബഹു.കേരള ഹൈക്കോടതിയിൽ WP(C) 1040/2023 നമ്പരായി കേസ് ഫയൽ ചെയ്യുകയും കേസിൽ തൽസ്ഥിതി നിലനിർത്തുന്നതിന് ബഹു. ഹൈക്കോടതി 12/01/2023 തീയതി ഉത്തരവായിരുന്നതും പ്രസ്തുത ഇടക്കാല ഉത്തരവ് 21/01/2025 തീയതി മുതൽ രണ്ടു മാസത്തേക്ക് കൂടി നിലവിൽ ദീർഘിപ്പിച്ചിട്ടുള്ളതുമാണ്. കേസിലെ സ്റ്റേ നീക്കം ചെയ്യുന്നതിന്റെ ഭാഗമായി കേസിൽ 25/05/2023 തീയതി എതിർസത്യവാങ്മൂലം ഫയൽ ചെയ്തിരുന്നതും ആയതിൽ സ്വീകരിക്കേണ്ട തുടർനടപടി സംബന്ധിച്ച മാർഗ്ഗനിർദ്ദേശം 28.02.2025 ൽ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. ആയതു പ്രകാരം അധിക കാര്യവിവരപത്രിക |

| | | | |
|---|---|---|---|
| | | | കോടതിയിൽ സമർപ്പിച്ച സ്റ്റേ ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ